# ഒരു വിശ്വസ്ത ദാസൻ

കെ.കെ ഷാജി

എഡ്വേർഡ് കിംബാൾ എല്ലാ അർഥത്തിലും ഒരു സാധാരണക്കാരനായിരുന്നു. ഒരു ചെറിയ ജോലി ചെയ്തു താമസിക്കുന്നതിനു അടുത്തുള്ള ഒരു സഭയിൽ ആരാധിച്ചു വന്നിരുന്ന ഒരു ചെറുപ്പക്കാരൻ.

ആഴ്ചതോറും എഡ്വേർഡ് ഒരു ബൈബിൾ ക്ലാസ്സ് നടത്താറുണ്ടായിരുന്നു. ഒരിക്കൽ ഡ്വയ്റ്റ് എന്ന ഒരു യുവാവ് തന്റെ ഒരു ക്ലാസ്സിൽ പങ്കെടുത്തു. ഡ്വയ്റ്റിനു ബൈബിളിനെക്കുറിച്ച് വേണ്ടത്ര അറിവൊന്നുമില്ലായിരുന്നു.

ഒരു ശനിയാഴ്ച്ച എഡ്വേർഡ് തന്റെ സൺഡേസ്കൂൾ പാഠങ്ങൾ തയ്യാറാക്കുന്നതിനിടയിൽ ഡ്വയ്റ്റ് ജോലിചെയ്യുന്ന ചെരിപ്പുകടയിൽ പോകുവാൻ ദൈവം ഒരു പ്രേരണ കൊടുത്തു. അതനുസരിച്ച് അവിടെച്ചെന്നു ഡ്വയ്റ്റിനെ കാണുകയും അന്ന് ആ യുവാവ് കർത്താവിനായി തന്റെ ഹൃദയം സമർപ്പിക്കയും ചെയ്തു. പിൻകാലത്ത് ലോകം അറിയപ്പെടുന്ന ശക്തനായ സുവിശേഷകനായ ഡ്വയ്റ്റ് എൽ മൂഡിയായിരുന്നു ആ യുവാവ്.

ഇംഗ്ലണ്ടിലെ ഒരു ചെറിയ സഭയുടെ പാസ്റ്ററായിരുന്ന ഫ്രെഡറിക്ക് ബി. മേയർ 1879–ൽ ഡി.എൽ മൂഡിയുടെ ശുശ്രൂഷയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തനം ശക്തിപ്പെടുത്തുകയുണ്ടായി. ഒരിക്കൽ അദ്ദേഹം അമേരിക്കയിലെ ഒരു കോളേജ് കാമ്പസിൽ വെച്ചു നടത്തിയ പ്രസംഗത്താൽ ജെ. വിൽബർ ചാപ്മാൻ എന്ന സ്റ്റുഡന്റിനെ ക്രിസ്തുവിലേക്ക് നയിച്ചു. അദ്ദേഹം പിന്നീട് വൈ.എം.സി.എ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. മുൻ ബേസ്ബാൾ കളിക്കാരനായിരുന്ന ബില്ലി സൺഡേ എന്ന യുവാവിനെ സുവിശേഷ വേലക്കായി വേർതിരിച്ചു. നോർത്ത് കരോലിനയിൽ ബില്ലി സൺഡെയുടെ നേതൃത്വത്തിൽ അവിടുത്തെ ചെറുപ്പക്കാർ ഒരുക്കിയ സുവിശേഷ യോഗത്തിൽ പ്രസംഗിക്കാൻ മോർദേഖായി ഹാമിനെ ക്ഷണിക്കുകയും അദ്ദേഹത്തിന്റെ പ്രസംഗം കേട്ട ബില്ലി ഗ്രഹാം എന്ന യുവാവ് കർത്താവിനായി തന്റെ ജീവിതം സമർപ്പിക്കയും ചെയ്തു. ലോകത്തിൽ ഏറ്റവും കൂടുതൽ പേരോട് സുവിശേഷമറിയിക്കാൻ ദൈവം ഉപയോടിച്ച ബില്ലി ഗ്രഹാമായിരുന്നു അത്.

നോക്കുക, എഡ്വേർഡ് കിംബാൾ എന്ന ചെറുപ്പക്കാരൻ വിശ്വസ്തതയോടെ നടത്തിയെ ചെറിയ ബൈബിൾ ക്ലാസ്സ് മുഖാന്തിരം എത്ര ആയിരങ്ങളാണ് പിന്നീട് കർത്താവിനെ അറിയാൻ ഇടയായത്.

ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്ക് ഒത്തവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. (1 പത്രൊസ് 4:11)

നിർഭാഗ്യമെന്നു പറയട്ടെ ഇന്നത്തെ പ്രസംഗകർ മീഡിയകളാൽ നിയന്ത്രിക്കപ്പെടുന്ന പപ്പെറ്റുകളായിത്തീർന്നിരിക്കുന്നു. യഥാർഥ സത്യം പ്രഘോഷിക്കാതെ അവ സാഹചര്യത്തിനൊത്ത് മറച്ചുവെക്കുകയും കേൾവിക്കാർക്ക് കർണ്ണരസമാകുമാറു പലതും പറഞ്ഞു സ്വയം മഹത്വം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സത്യസുവിശേഷം പറയാതെ ജനത്തിനു പാപബോധം വരുത്താൻ ശ്രമിക്കാതെ കൈയ്യടിയും കൈമടക്കും വാങ്ങി അവർ വേദി വിട്ടിറങ്ങുന്നു. ആത്മഭാരമുള്ളവർക്ക് എങ്ങനെ മാനസാന്തരത്തിനുള്ള ഉപദേശം ജനത്തിനു കൊടുക്കാതെ വേദി വിടാനാകും? ഒരിക്കലും സാധ്യമല്ല.

സുവിശേഷം കേട്ടു മാനസാന്തരപ്പെടുന്ന ഒരു വ്യക്തിമൂലം പിൻകാലത്ത് എത്ര ആയിരങ്ങളായിരിക്കും ദൈവ രാജ്യത്തിനു അവകാശികളാകാൻ പോകുന്നതെന്ന് ആർക്ക് പ്രവചിക്കാൻ കഴിയും? ആകയാൽ ഇന്നു നമുക്കു ദൈവ വചനമെന്ന വിത്ത് വിശ്വസ്തതയോടെ കരഞ്ഞുംകൊണ്ടു വിതെക്കാം, ഒരിക്കൽ കറ്റ ചുമന്നും ആർത്തുംകൊണ്ടു വരാൻ ഇടയാകും.